പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :1047 11.7.2011-ന് മറുപടിയ്ക്ക്

**ലൈസൻസ് രഹിത ഫാക്ടറികൾക്കെതിരെ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഫാക്ടറികൾക്ക് ഏതെല്ലാം വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നുമാണ് ലൈസൻസ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ നിന്നുമാണ് ലൈസൻസ് അനുവദിക്കുന്നത്. |
| ബി) ഇപ്പോൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന എത്ര ഫാക്ടറികൾ എവിടെയൊക്കെ പ്രവർത്തിക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | ബി) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെ കൊല്ലം റീജിയണൽ ഓഫീസിനു കീഴിൽ 51 ഫാക്ടറികളും എറണാകുളം റീജിയണൽ ഓഫീസിനു കീഴിൽ 155 ഫാക്ടറികളും കോഴിക്കോട് റീജിയണൽ ഓഫീസിനു കീഴിൽ 60 ഫാക്ടറികളും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| സി) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന എത്ര ഫാക്ടറികളുടെ മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ? | സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൊല്ലം റീജിയണൽ ഓഫീസിനു കീഴിൽ വരുന്ന ലൈസൻസില്ലാതെ പ്രവർത്തിച്ച 49 ഫാക്ടറികൾക്ക് നോട്ടീസ് അയച്ചു. ഒരു ഫാക്ടറി നിരോധിച്ചു. ഒരു ഫാക്ടറിക്കെതിരെ കേസ് ഫയൽ ചെയ്തു.<br>എറണാകുളം റീജിയണൽ ഓഫീസിനു കീഴിൽ വരുന്ന ലൈസൻസില്ലാതെ പ്രവർത്തിച്ച 155 ഫാക്ടറികൾക്കെതിരെ പരിശോധന ഉത്തരവുകളും നിർദ്ദേശങ്ങളും സ്റ്റോപ്പ് മെമ്മോയും നൽകിയിട്ടുണ്ട്.<br>കോഴിക്കോട് റീജിയണൽ ഓഫീസിനു കീഴിൽ വരുന്ന ലൈസൻസില്ലാതെ പ്രവർത്തിച്ച 60 ഫാക്ടറികൾ കണ്ടെത്തുകയും പരിശോധന ഉത്തരവുകൾ അയക്കുകയും രജിസ്ട്രേഷൻ നടത്തുന്നതിന് വേണ്ട പ്രമാണങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നടപടികൾ പുരോഗമിച്ചു വരികയാണ്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ലൈസൻസില്ലാതെ പ്രവർത്തിച്ച ഫാക്ടറികൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടിണ്ട്. പ്രസ്തുത കേസുകൾ കോടതിയിൽ പെൻഡിംഗിലാണ്. |

സെക്ഷൻ ഓഫീസർ